THEFTS IN KODAKARA—ACTION TAKEN.

209. Mr. A. V. Moothedan (*Chalakkudi*): Will the Government be pleased to state:—

(*a*) whether their attention has been drawn to a report in the 'Gomathi' dated 29th Thulam, 1114, complaining against a series of thefts committed at Kodakara recently;

(*b*) what action was taken?

Rao Bahadur M. Narayana Menon (*Commissioner of Police*): (*a*) Yes. There were only two petty thefts.

(*b*) Enquiries are being made to trace the culprits.

Mr. A. V. Moothedan (*Chalakkudi*): May I know whether any result was achieved by the enquiries?

Rao Bahadur M. Narayana Menon (*Commissioner of Police*): It is still continuing.

KANDAKKADAVU POLICE STATION—LOCATION OF.

210. മിസ്റ്റർ ബി. എം. പീറ്റർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ടു് സദയം മറുപടി പറയുമൊ:—

(എ) അണ്ടിക്കടവിലെ ഗവൺമെണ്ടു വക പഴയ പൊല്ലീസ്സ് സ്റ്റേഷൻ കെട്ടിടവും പൊല്ലീസ്സ്ലയിനും ആണ്ടുതോറും റിപ്പയർ ചെയ്തിച്ചുവരാറില്ലെ;

(ബി) കണ്ടക്കടവിലെ ഇപ്പോഴത്തെ പൊല്ലീസ്സ്സ്റ്റേഷനു എന്തു കെട്ടിടവാടക ഗവൺമെണ്ടിൽനിന്നും കൊല്ലത്താൽ കൊടുത്തുവരുന്നുണ്ടു്;

(സി) വാടക കൊടുത്തുപോരുന്ന ഇപ്പോഴത്തെ കെട്ടിടത്തിൽ നിന്നും മാറി സൌകര്യപ്രദമായ ഗവൺമെണ്ടുകെട്ടിടത്തിലേക്കുതന്നെ സ്റ്റേഷൻ സ്ഥാപിക്കാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടു മനസ്സാകുമൊ?

റാവു ബഹദൂർ എം. നാരായണമേനോൻ: (എ) ഉവ്വു്.

(ബി) നന്നു.

(സി) പൊല്ലീസ്സ്സ്റ്റേഷനു അണ്ടിക്കടവിലേക്കാൾ കൂടുതൽ സൌകര്യവും ആവശ്യവും കണ്ടക്കടവിലായതുകൊണ്ടു് തിരിയെ പഴയ സ്ഥലത്തു സ്ഥാപിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ ബി. എം. പീറ്റർ: അണ്ടിക്കടവിലുള്ള സർക്കാർ കെട്ടിടത്തിൽ നിന്നു് വാടക കെട്ടിടത്തിലേക്കു് പോലീസ്സ് സ്റ്റേഷൻ മാറ്റിയതിനെ സംബന്ധിച്ചു് പൊതുജനങ്ങളുടെ ആക്ഷേപമുണ്ടായിരുന്നുവോ?

റാവുബഹദൂർ എം. നാരായണമേനോൻ: സൂക്ഷ്മവിവരം എന്താണെന്നു അറിവില്ല. മറെറ സ്ഥലത്താണു് അധികം സൌകര്യം ഉള്ളതെന്നു് കണ്ടിട്ടാണു് അങ്ങോട്ടേക്കു മാറ്റിയതു് എന്നാണു് അറിവു്.

മിസ്റ്റർ ബി. എം. പീറ്റർ: അതു് ഗവൺമെണ്ടിന്റെ ആവശ്യപ്രകാരമാണോ മാറ്റിയതു്?

LIBRARY ARCHIVES Kerala Legislative Assembly

റാവുബഹദൂർ എം. നാരായണമേനോൻ : അല്ല, അതു നാട്ടുകാരുടെ ആവശ്യമാണു്.

മിസ്റ്റർ ബി. എം. പീറർ : ഇപ്പോഴുള്ള പോലീസ്സ് സ്റ്റേഷനിൽനിന്നും പഴയ പോലീസ്സ് സ്റ്റേഷനിലേക്കു് എത്ര അകലമുണ്ടു്.

റാവുബഹദൂർ എം. നാരായണമേനോൻ : നാലഞ്ചോ അഞ്ചോ നാഴിക വരും.

മിസ്റ്റർ ബി. എം. പീറർ : അഞ്ചു നാഴികയോ!

റാവുബഹദൂർ എം. നാരായണമേനോൻ : ഞാൻ പോയിട്ടില്ല, ഉദ്ദേശിച്ചു പറഞ്ഞതാണു്.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി : പൊതുജനങ്ങളുടെ അപേക്ഷയനുസരിച്ചു് മാറിയതോ, ഗവൺമെൻറുതന്നെ മാറുവാൻ തീരുമാനിച്ചതോ?

റാവുബഹദൂർ എം. നാരായണമേനോൻ : ഇതു് വളരെക്കൊല്ലം മുമ്പു് മാറിയതാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അണ്ടിക്കടവു പോലീസ്സ് സ്റ്റേഷൻ കെട്ടിടം സൌകര്യമുള്ളതാണെന്നു തോന്നിട്ടുണ്ടോ?

റാവുബഹദൂർ എം. നാരായണമേനോൻ : അവിടെയുള്ള കെട്ടിടങ്ങളിൽവെച്ചു് കുറച്ചൊക്കെ സൌകര്യമുള്ളതാണെന്നു തോന്നുന്നുണ്ടു്. ആഫീസ്സ് നടത്തുവാൻ ഒരു മുറിയുണ്ടു്. അതിനു തൊട്ടു് വേറെ ഒരു മുറിയുണ്ടു്.

മിസ്റ്റർ ബി. എം. പീറർ : മുമ്പു സൌകര്യമായി നടത്തിയിരുന്ന സർക്കാർ കെട്ടിടത്തിൽ നിന്നു് മാറി അണ്ടിക്കടവിലുള്ള വാടക കെട്ടിടത്തിലേക്കു കൊണ്ടുപോകുവാൻ കാരണമെന്താണു്?

റാവുബഹദൂർ എം. നാരായണമേനോൻ : സൌകര്യവും സന്ദർഭവും രണ്ടും നോക്കിയെ പോലീസ്സ് സ്റ്റേഷൻ വെക്കുവാൻ സാധിക്കുകയുള്ളു.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി : ഈ രണ്ടു സ്ഥലത്തുമുള്ള കെട്ടിടത്തിൻറെ സ്വഭാവം നോക്കിയതിൽ എവിടെയാണു് പോലീസ്സ് സ്റ്റേഷൻ അധികം അവശ്യമായിട്ടുള്ളതു്.

റാവുബഹദൂർ എം. നാരായണമേനോൻ : ഇപ്പോഴുള്ള സ്ഥലത്തു്.

മിസ്റ്റർ ബി. എം. പീറർ : ആദ്യത്തെ സർക്കാർ കെട്ടിടത്തിൽനിന്നു് വാടകകെട്ടിടത്തിലേക്കു മാറുവാനുണ്ടായ കാരണമെന്താണു്?

റാവുബഹദൂർ എം. നാരായണമേനോൻ : ആദ്യത്തെ കെട്ടിടത്തെക്കാൾ കുറെക്കൂടി സൌകര്യം ഇപ്പോഴത്തെ കെട്ടിടത്തിനുണ്ടായിരിക്കും. വല്ല ചായപീടികളൊ മറ്റോ അടുത്തുണ്ടായി എന്നുവരാം.

മിസ്റ്റർ ബി. എം. പീറർ : സർക്കാർ പണം ഏതെങ്കിലും തരത്തിൽ ചിലവാക്കുന്നതുകൊണ്ടു് നഷ്ടമില്ലെന്നാണോ ഗവൺമെൻറു് പറയുന്നതു്.

റാവു ബഹദൂർ എം. നാരായണമേനോൻ : ന്യായമായവിധത്തിൽ ചിലവാക്കുന്നതിനു യാതൊരു മടിയുമില്ല.

LIBRARY ARCHIVES Kerala Legislative Assembly